# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1222/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 03/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1222/2021 തീയ്യതി: 03/12/2021

## കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2020 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ..സാബു.പി.എസ് | ഡെപ്യൂട്ടി ഡയരക്ടർ | 04-10-2021 | 23-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 23-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ബാബുരാജ് മടപ്രത്ത്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി.സുമതി.ടി.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശ്രീജ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിഖില.എ.എം. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കെ.പ്രസീത | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.രാജേഷ് കുമാർ.ടി | സെക്രട്ടറി | 01-04-2019 | 31-03-2020 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്രണാം.കെ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.മീര.യു.എൻ | കൃഷി ഓഫീസർ | 01-04-2019 | 12-11-2019 |
| ശ്രീ.രാജേഷ് കുമാർ.ആർ.കെ | കൃഷി ഓഫീസർ | 13-11-2019 | 14-01-2020 |
| ശ്രീമതി.സൗമ്യ.എ. | കൃഷി ഓഫീസർ | 15-01-2020 | 31-03-2020 |
| ഡോ.ജഷി ദിനകരൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ആഷ.കെ.പി | വെറ്റിനറി സർജൻ | 01-04-2019 | 11-10-2019 |
| ഡോ.ഷൈമജ ഉത്തമൻ | വെറ്റിനറി സർജൻ | 12-10-2019 | 31-03-2020 |
| ശ്രീമതി.രസ്ന സദൻ..കെ.ടി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.വിപിൻദാസ് | വി.ഇ.ഒ.മാങ്ങാട്ടിടം | 01-04-2019 | 09-12-2019 |
| ശ്രീമതി.ജിഷ തമ്പുരാൻ പറമ്പത്ത് | വി.ഇ.ഒ.മാങ്ങാട്ടിടം | 10-12-2019 | 31-03-2020 |
| ശ്രീമതി.ഷിനി.പി. | വി.ഇ.ഒ.കണ്ടംകുന്ന് | 01-04-2019 | 31-03-2020 |
| ശ്രീ.സുമേഷ് ബാബു.യു.സി | ഹെഡ് മാസ്റ്റർ | 01-04-2019 | 03-06-2019 |
| ശ്രീമതി.കനകവല്ലി.കെ.കെ | ഹെഡ് മാസ്റ്റർ | 04-06-2019 | 31-03-2020 |
| ശ്രീമതി.പ്രവീണ.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-03-2020 | 31-03-2020 |
| ഡോ.സൽമത്ത്.കെ.ടി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 01-04-2019 | 10-07-2019 |
| ഡോ.ഫറൂക്ക്.ടി.എം. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 11-07-2019 | 31-03-2020 |

ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ 15.03.2020ന് മാത്രമാണ് ചാർജ്ജ് എടുത്തത്.

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-1 |
| 2 | ബജറ്റ് രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Baburaj (Audit Officer, On 22-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-2 |
| 4 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-5 |
| 8 | ഫണ്ട് വിനിയോഗിക്കുന്നതിലെ ജാഗ്രതയില്ലായ്മ-വൻ തുക ഗ്രാമപഞ്ചായത്തിന് നഷ്ടം<br>Written By: Baburaj (Audit Officer, On 22-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-5-1 |
| 9 | ഗ്രാമസഭകൾ,വർക്കിംഗ് ഗ്രൂപ്പുകൾ<br>Written By: Baburaj (Audit Officer, On 25-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-5-2 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Baburaj (Audit Officer, On 17-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-9 |
| 14 | മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു<br>Written By: Nikhila A.M. (Auditor, On 24-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-10 |
| 15 | കെട്ടിടങ്ങളുടെ ഒറ്റതവണ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-11 |
| 16 | കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-12 |
| 17 | പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ ഫീസ് ഒടുക്കിയിട്ടില്ല.<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-13 |

| | | |
|---|---|---|
| 18 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-14 |
| 19 | സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 വർഷം എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്തിട്ടില്ല<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-15 |
| 20 | ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-16 |
| 21 | ഐ.കെ.എമ്മിന് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-17 |
| 22 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ടില്ല<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-18 |
| 23 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sreeja.K (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-19 |
| 24 | എസ്.എസ്.എൽ.സി ,പ്ലസ് ടു തുല്യതാ പരീക്ഷാ ഫീ -പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-20 |
| 25 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്- അർഹതപ്പെട്ട തുക അനുവദിക്കേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-21 |
| 26 | സമഗ്ര ആരോഗ്യ പരിപാടി പദ്ധതി നടത്തിപ്പിലെ അപാകത - 75669/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-22 |
| 27 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-23 |
| 28 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-24 |
| 29 | ജി.ഐ.എസ് മാപ്പിംഗ് - പദ്ധതി നിർവ്വഹണ പുരോഗതി അറിയിക്കേണ്ടതാണ്<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-25 |
| 30 | സാന്ത്വന പരിചരണം - മുഴുവൻ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 23-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 1-26 |
| 31 | ഇൻഡസ്ട്രിയൽ ആന്റ് ഓൺലൈൻ പരീക്ഷാ കേന്ദ്രം പ്രവർത്തനക്ഷമമായിട്ടില്ല<br>Written By: Baburaj (Audit Officer, On 25-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-27 |
| 32 | ഇ-ടെണ്ടർ ഫീ ഈടാക്കിയിട്ടില്ല<br>Written By: Baburaj (Audit Officer, On 25-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 1-28 |
| 33 | | 1-29 |

| | | |
|---|---|---|
| | മോണിറ്ററിങ്ങ് ഫലപ്രദമല്ല<br>Written By: Baburaj (Audit Officer, On 26-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 01-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Baburaj (Audit Officer, On 14-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 03-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 23.2.2019 തീയതിയിലെ യോഗത്തിലെ 17/19 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കിയ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 25.02.2019 തീയതിയിൽ 28/19 നമ്പറായി അവതരിപ്പിക്കുകയും ഭരണസമിതിയോഗത്തിന്റെ 26.2.2019 തീയതിയിലെ 3/31/2019 തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ഭരണസമിതിയുടെ 13.3.2020 തീയതിയിലെ 44/2020 തീരുമാന പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 13813495 | 16316634 |
| തൻവർഷ വരവ് | 306136013 | 170263078 |
| ആകെ | 319949508 | 186579712 |
| തൻ വർഷ ചെലവ് | 236040220 | 176605763 |
| നീക്കിയിരിപ്പ് | 83909288 | 9973949 |

### 1-1-1 ബജറ്റ് രേഖകൾ സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016 തീയതി.2.12.2016 പ്രകാരം സർക്കാർ അംഗീകരിച്ച ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 22.06.20 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

3.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) അക്കൗണ്ടിങ്ങ് പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല.

4.ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക കാലികമാക്കാതെ ഒരേ തുക തന്നെയാണ് എല്ലാ വർഷവും രേഖപ്പെടുത്തിയിട്ടുള്ളത്.

5.2018-19 വർഷത്തെ വാർഷിക കണക്ക് B-15 പ്രകാരം 24094/- രൂപയാണ് വസ്തു നികുതി കുടിശ്ശികയുള്ളത്. എന്നാൽ 2019-20ലെ സഞ്ചയ പ്രകാരം 43064/- രൂപ ഈ ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

6.വസ്തു നികുതി- വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷ കലക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം |
|---|---|---|
| കളക്ഷൻ | 4157580 | 4156311 |
| ബാലൻസ് | 4844 | 6545 |
| | | |

| | (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | (ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
|---|---|---|

7.വസ്തു നികുതി കുടിശ്ശിക - വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം |
|---|---|---|
| കലക്ഷൻ | 38465 | 41261 |
| ബാലൻസ് | 4844<br>(ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 4613<br>(ലൈബ്രറി സെസ്സ് ഉൾപ്പെടെ) |

8.Property Tax On Residential Building (Current) ഡിമാന്റിനേക്കാൾ ₹2896412 (I-1 Tax Revenue) അധികം കളക്ഷൻ ₹3065512 (RP-43 Sundry Debtors) രേഖപ്പെടുത്തിയിട്ടുണ്ട്.

9.ബിൽഡിംഗ് പെർമിറ്റ് ഫീ, വാടക എന്നിയുടെ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

10.വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 103956733 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72931024 |
| ആകെ | 176887757 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 140420070 |
| നീക്കിയിരിപ്പ് | 36467687 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 75669 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14163400 | 14163400 | 12122309 | 2041091 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1389000 | 1389000 | 1389000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 311000 | 311000 | 202670 | 108330 |
| മെയിന്റനൻസ്, റോഡ് | 0 | 17913000 | 17913000 | 4129201 | 13783799 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4845000 | 4845000 | 2116362 | 2728638 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11396809 | 11396809 | 2109249 | 9287560 |
| ദുരിതാശ്വാസനിധി | 38510 | 11994 | 50504 | 25000 | 25504 |
| കേന്ദ്രാവിഷ്കൃത | | | | | |

| | | | | | |
|---|---|---|---|---|---|
| ഫണ്ടുകൾ | | | | | |
| 1.ഐ.സി.ഡി.എസ് | 867947 | 1200000 | 2067947 | 1273119 | 794828 |
| 2.പൈക്ക | 50851 | -- | 50851 | 50000 | 851 |
| സമ്പൂർണ്ണ ശുചിത്വം | 218170 | | 218170 | -- | 218170 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1996751 | 0 | 1996751 | 50000 | 1946751 |
| കേരളോത്സവം | - | 20000 | 20000 | 20000 | - |
| എം.പി.ഫണ്ട് | 6066 | 317 (പലിശ) | 6383 | - | 6383 |
| റർബർ മിഷൻ ഫണ്ട് | 89520302 | 18044633 | 107564935 | 107420670 | 144265 |
| സാക്ഷരത | 1429 | - | 1429 | - | 1429 |
| സംസ്ഥാന സർക്കാർ വിഹിതം | 1131108 | 495370 | 1626478 | 495370 | 1131108 |
| സംസ്ഥാന സർക്കാർ അവാർഡ് തുക | 800000 | - | 800000 | - | 800000 |
| മറ്റ് അവാർഡുകൾ | - | 100000 | 100000 | - | 100000 |

ഗ്രാന്റ് വിനിയോഗ പത്രിക ലഭ്യമാക്കിയിരുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 157 | 84323769 | 87 | 31541819 | 15 | 70 | 72 | **45.85** |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 17 | 10 | 12606395 | 4806279 | 38.1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 17 | 44297484 | 6820917 | 15.4 |
| കൃഷി ഓഫീസർ | 17 | 13 | 5078448 | 2729386 | 53.7 |
| വെറ്റിനറി സർജ്ജൻ | 7 | 6 | 5256175 | 3324925 | 63.3 |
| മെഡിക്കൽ ഓഫീസർ, | 9 | 9 | 2403058 | 2245692 | 93.5 |

| | | | | | |
|---|---|---|---|---|---|
| പി എച്ച് സി | | | | | |
| മെഡിക്കൽ ഓഫീസർ, ആയുർവേദ | 1 | 1 | 600000 | 600000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-മാങ്ങാട്ടിടം | 6 | 6 | 1626669 | 1393070 | 85.63 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-കണ്ടംകുന്ന് | 5 | 5 | 3953316 | 1936428 | 48.98 |
| ഐസിഡിഎസ് സൂപ്പർവൈസർ | 4 | 3 | 4171108 | 3869107 | 92.8 |
| ഹെഡ്മാസ്റ്റർ | 6 | 6 | 1802750 | 1422745 | 78.9 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 2528366 | 2393270 | 94.7 |
| ആകെ | 157 | 87 | 84323769 | 31541819 | 37.4 |

## 1-5-1 ഫണ്ട് വിനിയോഗിക്കുന്നതിലെ ജാഗ്രതയില്ലായ്മ-വൻ തുക ഗ്രാമപഞ്ചായത്തിന് നഷ്ടം

2019-2020 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടുകളും പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ 157 പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 67 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക ചെലവഴിക്കുവാൻ സാധിച്ചത്. വിവിധ പ്രൊജക്ടുകളിൽ 84323769/- രൂപ വകയിരുത്തിയതിൽ 31541819/- രൂപ മാത്രമാണ് ചെലവഴിച്ചത്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനങ്ങളിൽ ലഭിച്ച തുകയുടെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം- സാധാരണഫണ്ട് | 14163400 | 12122309 | 2041091 | 85.58 |
| വികസനഫണ്ട് (ടി.എസ്.പി) | 311000 | 202670 | 108330 | 65.16 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11396809 | 2109249 | 9287560 | 18.5 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 17913000 | 4129201 | 13783799 | 23.05 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 4845000 | 2116362 | 2728638 | 43.68 |
| ആകെ | 48629209 | 20679791 | 27949418 | 42.52 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുകയായ 2.79 കോടിയോളം രൂപ നഷ്ടപ്പെട്ടിരിക്കുകയാണ് (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും പൊതുമരാമത്ത് വിഭാഗത്തിൽ നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5-2 ഗ്രാമസഭകൾ,വർക്കിംഗ് ഗ്രൂപ്പുകൾ

ഗ്രാമസഭകൾ

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിൽ 19 വാർഡുകളാണുള്ളത്. 2019-20 വർഷം 8/19 ,12/19, 2/2020 തീയ്യതികളിലാണ് വാർഡുകളിൽ ഗ്രാമ സഭകൾ താഴെ പറയുന്ന പ്രകാരം യോഗം ചേർന്നിട്ടുള്ളത്.

| യോഗം ചേർന്ന കാലയളവ് | അജണ്ട |
|---|---|
| | |

| | |
|---|---|
| 8/2019 | 2019-20 വാർഷിക പദ്ധതി പുരോഗതി വിലയിരുത്തൽ, ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഹരിത കർമസേന പ്രവർത്തനങ്ങൾ |
| 12/2019 | മഴക്കാല പൂർവ രോഗ പ്രതിരോധം, ഗുണഭോക്താക്കളെ അംഗീകരിക്കൽ |
| 2/2020 | 2020-21 വാർഷിക പദ്ധതി രൂപീകരണം, 2019-20 വാർഷിക പദ്ധതി അവലാകനം, ദുരന്തനിവാരണ പദ്ധതി തയ്യാറാക്കൽ, ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ |

ഗ്രാമ സഭകളിൽ പങ്കാളിത്തം മെച്ചപ്പെട്ടതാണ്.

പദ്ധതി രൂപീകരണം സംബനധിച്ച് വിശദമായ ചർച്ചകൾ ഗ്രാമസഭകളിൽ നടന്നിട്ടുള്ളതായി കാണുന്നുണ്ട്. വാർഷിക പദ്ധതികളുടെയും ക്ഷേമപെൻഷനുകളുടെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതോടൊപ്പം ഓഡിറ്റ് റിപ്പോർട്ടുകൾ സംബന്ധിച്ചും ചർച്ചകൾ ഉണ്ടായിക്കാണുന്നു. ഇത് മാതൃകാപരമാണ്.
വർക്കിംഗ് ഗ്രൂപ്പുകൾ

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള അവസ്ഥാ രേഖ പരിഷ്കരിക്കുക, സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതവുമായ പ്രോജക്ടുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. പഞ്ചായത്തിൽ രൂപീകൃതമായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിൽ അർപ്പിതമായ കടമകൾ ഏറെക്കുറെ നിർവഹിക്കുന്നുണ്ട്. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ പൊതുഭരണവും ധനകാര്യവും, ദുരന്തനിവാരണം-കാലാവസ്ഥാവ്യതിയാനം- ജൈവവൈവിധ്യ പരിപാലനം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ യഥാക്രമം മൂന്നും അഞ്ചും തവണ യോഗം ചേർന്നിട്ടുണ്ട്. ഇവയൊഴിച്ചുള്ള വർക്കിംഗ് ഗ്രൂപ്പുകളെല്ലാം 31.12.2019, 29.2.2020 തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പദ്ധതികളുടെ ഫലപ്രാപ്തി സംബന്ധിച്ച് വിശദമായ ചർച്ചകൾ നടക്കുന്നതായി കാണുന്നില്ല. പദ്ധതി മോണിറ്ററിങ്ങും ഫലപ്രദമല്ല. മിനുട്സുകൾ തയ്യാറാക്കുന്നതിലും ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

**വികസന സെമിനാർ**

2019-20 വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ട വികസന സെമിനാർ 5.12.2018 തീയ്യതിയിൽ ചേർന്നു. 200പേർ പങ്കെടുത്തു. എന്നാൽ മിനുട്ട്സിൽ തീരുമാനങ്ങളൊന്നും രേഖപ്പെടുത്തി കാണുന്നില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | | 21352618 | 21352618 | 21352618 | - |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4308 | 1547002 | 1551310 | 814385 | 736925 |
| ആകെ | 4308 | 22899620 | 22903928 | 22167003 | 736925 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2596200 | 700 |
| തൊഴിൽ രഹിത വേതനം | 1680 | 1 |
| വിധവാ പെൻഷൻ | 4691400 | 1396 |
| വാർദ്ധക്യകാല പെൻഷൻ | 7900200 | 2351 |
| ഭിന്ന ശേഷിക്കാരുടെപെൻഷൻ | 1543200 | 450 |
| അവിവാഹിത പെൻഷൻ | 1004400 | 310 |
| വിവാഹ ധനസഹായം | 330000 | 11 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2021 ന് ഉച്ച തിരിഞ്ഞ് 2.50ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10049/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ച് ചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും അവലോകനം നടത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഉൾപ്പെടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ആസ്തി രജിസ്ററർ പൂർണ്ണമാക്കേണ്ടതാണ്. ഭൂനികുതിയൊടുക്കിയും പോക്കുവരവ് മുതലായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഭൂമിസംബന്ധമായ കാര്യങ്ങൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു

31.10.2017ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ.എസ്. ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ലാതെ തന്നെ/അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ തന്നെയാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2 തീയതി 13/10/2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങൾ, പുതിയതായി ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ എന്നിവയുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്കില്ല. ലൈസൻസ് പുതുക്കൽ, പുതിയ ലൈസൻസ് അപേക്ഷ, വിറ്റു വരവ്, മൂലധന നിക്ഷേപം, തീയതി തുടങ്ങിയ കോളങ്ങൾ പല അപേക്ഷകളിലും പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പു വരുത്തി ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഫീൽഡ്തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയും ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. അപാകത പരിഹരിച്ച് തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-11 കെട്ടിടങ്ങളുടെ ഒറ്റതവണ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ജി.ഒ.(എം.എസ്) നം. 231/15/തസ്വഭവ തീയതി 9-7-15 പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ 1975ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷം പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണം | വില്ലേജ് |
|---|---|---|---|---|
| 1 | വിനോദ് കുമാർ. പി | 10/35 C | 101.51 | മാങ്ങാട്ടിടം |
| 2 | മാണിക്കോത്ത് രാധ | 15/101 | 218.2 | മാങ്ങാട്ടിടം |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ (നം. 16 തീയതി 18-10-2021) മറുപടിയിൽ ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഇല്ലാതെ നമ്പറിങ്ങിനായുള്ള അപേക്ഷ സ്വീകരിക്കുന്നില്ലെന്നും വിട്ടുപോയവ എത്തിച്ച

തരുന്നതിനായി പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥനെ അറിയിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-12 കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

2014-15, 2015-16, 2016-17 കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നം, കാലാവധി | അധിക നിർമാണ ത്തിനായി അനുമതി നൽകിയ തറ വിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 15/237 | വളയങ്ങാടൻ മോഹനൻ | 4932/16-17 04.10.16 To 03.10.19 | 47.45 (ഒന്നാം നില) | 54 (താഴത്തെ നില) |
| 2 | 13/373 | ചേമ്പളോൻ ഗൗരി | 4975/16-17 29.09.16 To 28.09.19 | 29.59 (ഒന്നാം നില) | 81.91 (താഴത്തെ നില) |
| 3 | 3/203 | മംഗളാടൻ സക്കീന | 5117/16-17 20.10.16 To 19.10.19 | 75.29 (ഒന്നാം നില) | 83 (താഴത്തെ നില) |
| 4 | 3/645 | ഞേളാട്ട് അബ്ദുൾ നാസർ | 5589/16-17 10.11.16 To 09.10.19 | 25.90 (ഒന്നാം നില) | 81 (താഴത്തെ നില) |
| 5 | 19/25 | പുത്തൻ പുരയിൽ ദിനേശ് ബാബു | 6195/16-17 28.1.17 To 27.1.20 | 58.65 (ഒന്നാം നില) | 75.86 (താഴത്തെ നില) |
| 6 | 10/339 | കോട്ടായി ചന്ദ്രൻ | 6389/16-17 22.12.16 To 21.11.19 | 88.25 (ഒന്നാം നില) | 85.54 (താഴത്തെ നില) |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താനുമാവില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 17തീയതി 18-10-2021) ലഭ്യമാക്കിയ മറുപടിയിൽ 2013-14 വർഷത്തിലെ നികുതി പരിഷ്കരണത്തിന് ശേഷം പഞ്ചായത്തിന്റെ പരിധിയിലുള്ള കെട്ടിടങ്ങളിൽ വരുത്തിയ ഘടനാപരമായ കൂട്ടിച്ചേർക്കലുകളും വ്യതിയാനങ്ങളും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച സർവ്വെ ഊരാളുങ്കൽ സൊസൈറ്റിയുടെ സാങ്കേതികത്വത്തിൽ പൂർത്തീകരിച്ച് സജ്ജമായിട്ടുണ്ടെന്നും പ്രസ്തുത ഡാറ്റ ഉപയോഗിച്ച് കെട്ടിടത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയും പഞ്ചായത്ത് രജിസ്റ്റർ പ്രകാരമുള്ള സ്വഭാവവും വിലയിരുത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി

പുനർ നിർണയം നടത്തുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-13 പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ ഫീസ് ഒടുക്കിയിട്ടില്ല.

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുയുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. എന്നാൽ 2019-20 വർഷം എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്ത താഴെ പറയുന്ന സ്ഥാപനം 2019-20 വർഷം രജിസ്ട്രേഷൻ ഫീസ് ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/<br>കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1 | V/120 L | പ്രദീപൻ. കെ,<br>മെഡിക്കൽ ലബോറട്ടറി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/18.10.21) മറുപടി ഹാജരാക്കിയിട്ടില്ല. രജിസ്ട്രേഷൻ ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെ പറയും പ്രകാരമാണ്.

1) 100m2 വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ : 1475 എണ്ണം

2)100m2 മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ : 216 എണ്ണം

3) 200m2 വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ : 4 എണ്ണം

4)200m2 മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ : 36 എണ്ണം

5)അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റെർ, ഓഡിറ്റോറിയം, കല്ല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ : 1എണ്ണം

6) വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് :64എണ്ണം

7) ഇതര വ്യവസായത്തിനുള്ളവ : 32എണ്ണം

ആകെ - 1828 എണ്ണം

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ ആകെ 13957 സ്ഥാപനങ്ങൾക്ക് ആണ് കെട്ടിട നമ്പർ നല്കിയിരിക്കുന്നത്, ഇതിൽ വാണിജ്യാവശ്യങ്ങൾക്കായി 1828 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2019-20വർഷം ഫാക്ടറീസ്, ട്രേഡ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1828കെട്ടിടങ്ങളിൽ 603 കെട്ടിടങ്ങൾക്കാണ് വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് നൽകിയിട്ടുള്ളത്. ബാക്കിയുള്ള 1225 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. ആകെ കെട്ടിട നമ്പർ അനുവദിച്ചതിന്റെ 33% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 67% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.2/13.10.2021)) മറുപടി ലഭ്യമാക്കിയിട്ടില്ല. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കേണ്ടതും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-15 സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 വർഷം എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്തിട്ടില്ല

1996ലെ കേരള പഞ്ചായത്ത്രാജ് നിയമം (ഫാക്ടറീസ്, ട്രേഡ്സ്, എന്റർപ്രണർ ഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ സർവ്വീസ് ലൈസൻസ്) ചട്ടങ്ങളിലെ ചട്ടം 3 ൽ ഒന്നാം പട്ടികയിലെ ക്രമ നമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിനും

ക്രമനമ്പർ 143 പ്രകാരം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിനും ലൈസൻസ് എടുക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 2019-20 രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 വർഷം എഫ്.ടി.ഇ.&ഒ.എസ് ലൈസൻസെടുത്തിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1. | XII/149 D | ഗൗരി. കെ, ഹോമിയോപ്പതി ക്ലിനിക്ക് |
| 2. | II/602 D | ദിവ്യ. ടി, മെഡിക്കൽ ലാബ് |
| 3. | III/316 D | അഞ്ജു. പി, ആയുർവ്വേദ ക്ലിനിക്ക് |
| 4. | III/434 U | ഡോ അർച്ചന. പി, ഡെന്റൽ കെയർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/18.10.21) മറുപടി ഹാജരാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കാരണമാകുന്നു. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

1. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും,ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204ാം വകുപ്പ്(1)എ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം | കെട്ടിട നമ്പർ/ സംരംഭം | ഒടുക്കിയ ലൈസൻസ് ഫീയും തിയ്യതിയും | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മാനേജർ, മാവേലി സ്റ്റോർ | 4 | XVII/109 മാവേലി സ്റ്റോർ | 500/- 119030106177/ 18.12.19 | കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ട് |
| 2 | ലിജോ.സി.ടി | 10 | VIII/501 A അലിഗൺ ഇന്ത്യ ബിസിനസ് ഗ്രൂപ്പ് | 500/- 119030100152/ 12.04.19 | സ്ഥാപനം പ്രവർത്തനം അവസാനിപ്പിച്ചു. എന്ന് മുതൽ അവസാനിപ്പിച്ചു എന്നതിന്റെ വിശദാംശങ്ങൾ നല്കിയിട്ടില്ല. |

2. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം താഴെപ്പറയുന്നവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

I) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ.

Ii) അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി ന.3/13.10.21) മറുപടിയായി മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത്

ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 ഐ.കെ.എമ്മിന് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 02/20, ഐ.കെ.എം.ന് തുക നൽകൽ |
| അടങ്കൽ | ₹1,05,030 |
| ചെലവ് | ₹1,05,030 |
| ബിൽ നമ്പർ/തീയതി | 19220452011200365279/20-07-2019 |

ഐ.കെ.എം.ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ എന്ന പ്രൊജക്ട് പ്രകാരം ഐ.കെ.എം. ഡയറക്ടർക്കു നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/19-10-2021) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ 2019-20 വർഷത്തെ ധനവിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം.ൽ തയ്യാറാക്കി വരുന്നതേയുള്ളൂ എന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധനാ റിപ്പോർട്ടില്ല

പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 66 ടാപ്പിന്റെ ചാർജായ 28,875/- രൂപ പ്രതിമാസം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. ഇപ്രകാരം 2019-20 സാമ്പത്തിക വർഷം 3,46,500/- രൂപ ചെലവുണ്ട്. ഇത്തരത്തിൽ തുക അടവാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/22-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമേ തുക അടവാക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

പ്രോജക്ടിന്റെ നമ്പറും പേരും : 43/20 ,കന്നുകുട്ടി പരിപാലനം

അടങ്കൽ : 312500/- (വികസനഫണ്ട് )

: 393750/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)

: 81250/- (തനത് ഫണ്ട്)

: 787500/- (ഗുണഭോക്തൃ വിഹിതം)

ആകെ : 1575000/-

ചെലവ് : 312500/- ബിൽ റഫറൻസ് നം./തീയതി, 192220452009301112504/21-1-20

: 81250/- ചെക്ക് നം. /തീയതി 5540317/07-03-20

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് 393750/- രൂപ തൻ വർഷം കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 എസ്.എസ്.എൽ.സി ,പ്ലസ് ടു തുല്യതാ പരീക്ഷാ ഫീ -പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ/ പേര് | 74/20,എസ്.എസ്.എൽ.സി ,പ്ലസ്ടു തുല്യതാ പരീക്ഷാ ഫീ അടവാക്കൽ |
| അടങ്കൽ | ₹37750 (വികസന ഫണ്ട്,ജനറൽ) |
| ചെലവ് | ₹37750 |

| | |
|---|---|
| ബിൽ നമ്പർ / തീയതി | 19220452009201209170/05-02-2020 |

പത്താം തരത്തിൽ 9 പഠിതാക്കളുടെ കോഴ്സ് ഫീസ് 15750/- രൂപ, പ്ലസ് ടു വിന് 10 പഠിതാക്കളുടെ കോഴ്സ് ഫീ 22000/- രൂപ എന്നിങ്ങനെ സംസ്ഥാന സാക്ഷരതാ മിഷന് നൽകുന്നതിനാണ് തുക ചെലവഴിച്ചത്. എന്നാൽ പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/17-10-2021) കോഴ്സ് പൂർത്തിയാക്കിയ പഠിതാക്കൾക്ക് പരീക്ഷ പാസാകുന്നതിന് 3 വർഷത്തെ കാലയളവ് കേരള സാക്ഷരതാ മിഷൻ അനുവദിച്ചിട്ടുണ്ടെന്നും കോവിഡിന്റെ പശ്ചാത്തലത്തിൽ പരീക്ഷകൾക്ക് കാലതാമസം വന്നിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കുന്ന മുറക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-21 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്-അർഹതപ്പെട്ട തുക അനുവദിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 46/20 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 500000/- (വികസന ഫണ്ട്,ജനറൽ )<br>250000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>250000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 500000/- (വികസന ഫണ്ട്,ജനറൽ )<br>250000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>250000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |

| തുക | ബിൽ/ചെക്ക് നമ്പർ/തീയതി |
|---|---|
| 429600 | 1/19-20/25.09.2019 |
| 70400 | 4/19-20/07.02.2020 |
| 250000 | 7/19-20/11.02.2020 |
| 250000 | 3226381/11.02.2020 |

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2019-20 വർഷം 1000000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാനസികവെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് 13700/- രൂപ വീതമാണ് സ്കോളർഷിപ്പ് നല്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)നമ്പർ22/2018/തസ്വഭവ/14.02.2018 ഖണ്ഡിക 7.1.6(ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 285008/- രൂപ സ്കോളർഷിപ്പ് തുക അനുവദിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് തുക നൽകാത്തതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18-10-2021) 82 അപേക്ഷകർക്ക് 28,500/- രൂപ വെച്ച് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. മാനസിക വെല്ലുവിളി നേരിടുന്ന 30 പേരാണ് 2019-20 വർഷം സ്കോളർഷിപ്പിന് അപേക്ഷിച്ചിരുന്നത്. ആയതിനാൽ 82 അപേക്ഷകർക്ക് ലഭ്യമാക്കാൻ സാധിച്ചില്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. 29-01-2018 ലെ സ.ഉ.(കൈ)നമ്പർ 11/2018/ത.സ്വഭ.വ. ഉത്തരവിലെ ഖണ്ഡിക 5.2 പ്രകാരം ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും എന്നത് അനിവാര്യ വകയിരുത്തലിൽ ഉൾപ്പെട്ടതാണ്. വരും വർഷങ്ങളിൽ ഭിന്നശേഷിക്കാർക്ക് അർഹമായ മുഴുവൻ തുകയും വകയിരുത്തി പ്രോജക്ട് രൂപീകരിക്കേണ്ടതിലേക്കും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കും സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിലേക്കും ഭരണ നിർവ്വഹണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 സമഗ്ര ആരോഗ്യ പരിപാടി പദ്ധതി നടത്തിപ്പിലെ അപാകത - 75669/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| പ്രോജക്ട് നം. / പേര് | 8/2020, സമഗ്ര ആരോഗ്യ പരിപാടി |
| അടങ്കൽ | ₹30000 വികസന ഫണ്ട്(ജനറൽ) |
| | ₹24000(തനത് ഫണ്ട്) |
| | |

| | |
|---|---|
| | ₹50000(മെയ് ന്റനൻസ് ഗ്രാന്റ് ,നോൺ റോഡ്) |
| | ₹1,04000 |
| ചെലവ് | ₹30000 (വികസന ഫണ്ട്-ജനറൽ) |
| | ₹24000 (തനത് ഫണ്ട്) |
| | ₹46034(മെയിന്റനൻസ് ഗ്രാന്റ് ,നോൺ റോഡ്) |
| ആകെ | ₹100034 |

രോഗ പ്രതിരോധ പ്രവർത്തനങ്ങളും മറ്റ് പൊതുജനാരോഗ്യ പരിപാടികളും സുഗമമായി നടപ്പിലാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | തുക | ബിൽ നമ്പർ/തീയതി |
|---|---|---|
| 1 | 30724 | 19220452008800376723/24-07-2019 |
| 2 | 15310 | 19220452008800744479/28-10-2019 |
| 3 | 14196 | 19220452008801326896/24-02-2020 |
| 4 | 15804 | 19220452008801580482/23-03-2020 |
| 5 | 24000 | 511600040119043/26-03-2020 |

1.മേൽ കൊടുത്ത ചെലവ് തുകയിൽ പ്രദീപൻ.പി, ധനഞ്ജയൻ.പി എന്നിവർക്ക് വാഹന വാടകയിനത്തിൽ 54273/- രൂപ നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നടപടിക്രമം പാലിക്കാതെ രണ്ട് പേർക്ക് വാഹന വാടക നൽകാനിടയായ സാഹചര്യം വ്യക്തമല്ല.

2. ഹെൽത്ത് ഇൻസ്പെക്ടർക്ക് ഡി&ഒ ട്രേഡ് ഇൻസ്പെക്ഷൻ നടത്തുന്നതിനായി വാഹന വാടകയിനത്തിൽ 21396/- രൂപ നൽകിയിട്ടുണ്ട്. ദൈനംദിന ജോലികൾ നിർവ്വഹിക്കുന്നതിന് ഇത്തരത്തിൽ വാടക അനുവദിച്ചത് ഏതിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 23/20-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കൊടുത്ത അപാകങ്ങൾ കാരണം 75669/- രൂപ (54273+21396) തടസ്സപ്പെടുത്തുന്നു.

## 1-23 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ല

ജി.ഒ (പി)നം.44/19/ഫിൻ തീ. 04-04-2019 പ്രകാരം 01-01-2018 മുതൽ 31-03-2019 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്നതിന് വൗച്ചർ നമ്പർ 21900114 Dt 23-05-2019 പ്രകാരം 174081/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പങ്കാളിത്ത പെൻഷന് അർഹതയുള്ള താഴെ പറയുന്ന ജീവനക്കാരിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയതായി കാണുന്നില്ല.

| പേര് /തസ്തിക | അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക |
|---|---|
| രേഷ്മ.കെ, ക്ലർക്ക് | 10267 |
| ജൈഷ.പി.കെ ,ക്ലർക്ക് | 12507 |
| വിജില.സി.പി, ക്ലർക്ക് | 11505 |
| ലിസ.കെ | 10930 |
| സബിത.കെ | 10625 |

അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർന്നുള്ളതിന്റെ 10% ആണ് പെൻഷൻ വിഹിതം ഈടാക്കേണ്ടതെന്നിരിക്കെ മേൽ കൊടുത്ത ജീവനക്കാരിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം പിടിക്കാതെ ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിന് കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/18-10-2021 ) മറുപടി നൽകിയിട്ടില്ല . പങ്കാളിത്ത പെൻഷൻ വിഹിതം ഒടുക്കിയതിന്റ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാരുടെ പെൻഷൻ വിഹിതത്തിന് തുല്യമായ പഞ്ചായത്ത് വിഹിതം ഈടാക്കിയതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

## 1-24 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2019-20 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്കായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | തുക നൽകിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥർ | തുക | വൗച്ചർ നമ്പർ / തീയതി |
|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി | 24000000 | 21900025/05-04-2019 |
| 2 | കേരള വാട്ടർ | സെക്രട്ടറി | 1200000 | 21900151/23- |

| | | | | |
|---|---|---|---|---|
| | അതോറിറ്റി | | | 05-2019 |
| 3 | കെ.എസ്.ഇ.ബി | സെക്രട്ടറി | 1088110 | 21900026/05-04-2019 |
| 4 | കെ.എസ്.ഇ.ബി | സെക്രട്ടറി | 100291 | 21900297/18-07-2019 |
| 5 | കെ.എസ്.ഇ.ബി | സെക്രട്ടറി | 54532 | 21900325/01-08-2019 |
| 6 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | സെക്രട്ടറി | 6,15000 | 21900634/01-11-2019 |

തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/22-10-2021) വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-25 ജി.ഐ.എസ് മാപ്പിംഗ് - പദ്ധതി നിർവ്വഹണ പുരോഗതി അറിയിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 04-10-2018 തീയതിയിലെ സ.ഉ(സാധാ)നമ്പർ2556/2018/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വിവര ശേഖരണം ലക്ഷ്യമാക്കിയുള്ളതാണ് പ്രോജക്ട്. ഇതിനായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ചതിന്റെയും വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 72/20,ജി.ഐ.എസ് മാപ്പിംഗ് |
| അടങ്കൽ | ₹33,00000 (ത.ഫ) |
| ചെലവ് | ₹ 7,07,292 |
| വൗച്ചർ നമ്പർ/തീയതി | 21900954/28-02-2020 |

പദ്ധതി നടത്തിപ്പിനായി ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് തെരഞ്ഞെടുത്തത്. ഇൻവോയ്സ് നമ്പർ യു.എൽ 547/27-02-2020 പ്രകാരം 18000 OTH ഡ്രോൺ സർവ്വേ നടത്തുന്നതിന് 33.30 രൂപ നിരക്കിൽ (18% ജി.എസ്.ടി.ഉൾപ്പെടെ) നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ സർവ്വേ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിന്റെ നിലവിലെ പുരോഗതി , ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.29/22-10-2021) ലഭ്യമാക്കിയ മറുപടിയിൽ മുഴുവൻ കെട്ടിടങ്ങളുടെയും നിലവിലുള്ള സ്ഥിതി സംബന്ധിച്ച ഒരു സർവ്വേ ഊരാളുങ്കൽ സൊസൈറ്റി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഡാറ്റ ഉപയോഗിച്ച് കെട്ടിടത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയും പഞ്ചായത്ത് രജിസ്റ്റർ പ്രകാരമുള്ള സ്വഭാവവും വിലയിരുത്തി നികുതി പുനർ നിർണയിക്കുന്നതിനുള്ള ഡാറ്റ പരിശോധന ആരംഭിച്ചിട്ടുണ്ടെന്നും ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രവർത്തനം പൂർത്തീകരിച്ച് നികുതി പുനർ നിർണയം ഉറപ്പ് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കിയ മറുപടിയിൽ നിന്നും പദ്ധതി ഇതുവരെയും ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 സാന്ത്വന പരിചരണം - മുഴുവൻ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| പ്രോജക്ട് നം./പേര് | 5/2020, സാന്ത്വന പരിചരണം |
| അടങ്കൽ | ₹6,85,720 വികസന ഫണ്ട് (ജനറൽ) |
| | ₹2,94,500 (ബ്ലോക്ക് പഞ്ചായത്ത്) |
| | ₹1,00,000 (ജില്ലാ പഞ്ചായത്ത്) |
| | ₹10,80,220 |
| ചെലവ് | ₹6,85,720 (വികസന ഫണ്ട്-ജനറൽ) |
| | ₹1,94,654 (ബ്ലോക്ക് പഞ്ചായത്ത്) |
| | ₹1,00,000 (ജില്ലാ പഞ്ചായത്ത്) |
| ആകെ | ₹9,80,374 |

മേൽ കൊടുത്ത ചെലവിൽ താഴെ പറയും പ്രകാരം പിൻവലിച്ച ₹197209ൽ ₹109369ഉം ₹34731ൽ ₹10631ഉം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പിൻവലിച്ച തുക | ബിൽ നമ്പർ/തീയതി | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ തുക |
|---|---|---|---|
| 1 | ₹1,97,209 | 19220452008800943486/ 29-07-2019 | ₹1,09,369 (പി.ആർ.എഫ്.2545/20-11-2019 പ്രകാരം) |
| 2 | ₹34,731 | 19220452008801515055/ 17-03-2020 | ₹10,631 (പി.ആർ.എഫ്.5239/13-03-2020 പ്രകാരം) |

മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച് മറുപടി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ എന്നിവ സഹിതം പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/14-10-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ വിവരം ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 ഇൻഡസ്ട്രിയൽ ആന്റ് ഓൺലൈൻ പരീക്ഷാ കേന്ദ്രം പ്രവർത്തനക്ഷമമായിട്ടില്ല

റർബൻ മിഷനു കീഴിൽ ഇൻഡസ്ട്രിയൽ ആന്റ് ഓൺലൈൻ പരീക്ഷാ കേന്ദ്രം എന്ന പേരിൽ കെട്ടിടം നിർമിച്ചിട്ടുണ്ട്. പ്ലാൻ പ്രകാരം താഴത്തെ നിലയിൽവ്യാവസായിക ആവശ്യത്തിനുള്ള സ്ഥലം,ലോബി, ലിഫ്റ്റ് റൂം, ഓഫീസ്, സ്റ്റെയർ റൂം, ടോയ് ലെറ്റ് എന്നിവയും ഒന്നാം നിലയിൽ പരീക്ഷാ ഹാൾ, ലോബി, ലിഫ്റ്റ് റൂം, ഓഫീസ് ,സെൻട്രൽ റൂം, സ്റ്റെയർ റൂം, ടോയ് ലെറ്റ് എന്നിവയും ഉണ്ട്. പ്രോജക്ട് നം.87/20 പ്രകാരം 1895285/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. കെട്ടിടം പണി എല്ലാ നിലയിലും പൂർത്തിയാക്കിയതായും അസി.എഞ്ചിനീയർക്ക് കൈമാറിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.24 നുള്ള മറുപടിയായി ഈ കെട്ടിടത്തിൽ ഇലക്ട്രിക് വയറിങ്ങ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ഇലക്ട്രിക്ക് കണക്ഷൻ ലഭ്യമായിട്ടില്ല എന്ന് നിർവഹണോദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ഈ കെട്ടിടം ഇപ്പോൾ ഒരാവശ്യത്തിനും ഉപയോഗിച്ചു വരുന്നില്ല. ഓൺലൈൻ പരീക്ഷാ കേന്ദ്രമായി പ്രവർത്തിക്കാൻ കെട്ടിടം സജ്ജമായിട്ടില്ല. കേരളാ പി.എസ്.സിയുടെ 7.12.2019 തീയതിയിലെ കത്തിൽ 21 കാര്യങ്ങൾ പൂർത്തീകരിക്കാനുള്ളതായി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷത്തിൽ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന വിവരമാണ് അസി.എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. ജംഗമ വസ്തുക്കൾ ഒരുക്കുന്നതിനും ഇലക്ട്രിക്ക് കണക്ഷൻ ലഭിക്കുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

30.04.2019ൽ ആദ്യഘട്ടം പൂർത്തിയാക്കി കൈമാറിയ ഈ കെട്ടിടം ഉപയോഗക്ഷമമാക്കാനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

## 1-28 ഇ-ടെണ്ടർ ഫീ ഈടാക്കിയിട്ടില്ല

2019-20 വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ-ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ആണ് ഒടുക്ക് വരുത്തുന്നത്. ഗ്രാമപഞ്ചായത്തിന് അർഹമായ ടെണ്ടർ ഫീ തിരികെ ലഭ്യമായിട്ടില്ല. 2019-20 വരെയുള്ള വർഷങ്ങളിലെ ടെണ്ടർ ഫീ തുകയായ 599233/- ഈടാക്കുന്നതിന് 29.10.2020 ന് കത്ത് നൽകിയതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ഗ്രാമപഞ്ചായത്തിന് അർഹമായ ടെണ്ടർ ഫീ ഇനത്തിലുള്ള തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 മോണിറ്ററിങ്ങ് ഫലപ്രദമല്ല

പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിങ്ങ് നടത്തുകയെന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റി ആയി പ്രവർത്തിക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. മോണിറ്ററിങ്ങ് കമ്മിറ്റികൾ യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടതുണ്ട്. നിർവഹണം പൂർത്തിയാകുന്ന ഘട്ടത്തിൽ തന്നെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ ലക്ഷ്യങ്ങളും നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ പ്രോജക്ടുകളോടൊപ്പം പ്രവൃത്തിയുടെ പൂർത്തീകരണ പത്രികയോ മോണിറ്ററിങ്ങ് കമ്മറ്റിയുടെ റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ കൃത്യമായ നിർവഹണം നടക്കുന്നുവെന്നുറപ്പു വരുത്താൻ കൃത്യമായ മോണിറ്ററിങ്ങ് അനിവാര്യമാണ്. എല്ലാ പ്രോജക്ടുകളുടെയും അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനായി അക്കൗണ്ടുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2019-20 | 16.10.2021 | നം.കെ.എസ്.എ./ കെ.എൻ.ആർ./ സി.8/1222/2021 തീയതി: 03.12.2021. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ

| സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 255000 | 255000 | 0 |
| | പാലുല്പാദന ബോണസ് | 700000 | 700000 | 0 |
| | സാന്ത്വന പരിചരണം | 200000 | 194654 | 5346 |
| | ഭിന്നശേഷി സ്കോളർഷിപ്പ് | 250000 | 250000 | 0 |
| | ശിശുമിത്ര ബഡ്സ് സ്കൂൾ സമഗ്ര പരിപാടി | 500000 | 500000 | 0 |
| | ജലം സുലഭം- കുളം നിർമാണ പദ്ധതി | 400000 | 395911 | 4089 |
| | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 170000 | 170000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | സാന്ത്വന പരിചരണം | 100000 | 100000 | 0 |
| | ഭിന്ന ശേഷിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 250000 | 0 |
| | ആശ്രയ-ലൈഫ് ഭവന നിർമാണം | 34000 | 34000 | |
| | ശിശുമിത്ര ബഡ്സ് സ്കൂൾ സമഗ്ര പരിപാടി | 100000 | 100000 | |

ഓരോ ഇനത്തിലും തൻവർഷം ലഭിച്ചതിന്റെയും തൻവർഷം ചെലവഴിച്ചതിന്റെയും വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

### 4-3 നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ | നിർവ്വഹണ | പ്രവൃത്തി | വൗച്ചർ നം./ | മുൻകൂർ | ചെല | ചെല |
|---|---|---|---|---|---|---|

| നം. | ഏജൻസി | യുടെ പേര് | ചെക്ക് നം./ തീയതി | നൽകിയ തുക | വഴിച്ച തുക | വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | റബ്ബർ മിഷൻ പ്രകാരമുള്ള പ്രവൃത്തികൾക്കുള്ള ഡെപ്പോസിറ്റ് തുക | 21900025/05-04-2019 | 24000000 | 24000000 | - |
| 2 | കേരള വാട്ടർ അതോറിറ്റി | | 219000151/23-05-2019 | 1200000 | 1200000 | - |
| 3 | കെ.എസ്.ഇ.ബി | | 21900026/05-04-2019 | 1088110 | 1088110 | - |
| 4 | കെ.എസ്.ഇ.ബി | | 21900297/18-07-2019 | 100291 | 100291 | - |
| 5 | കെ.എസ്.ഇ.ബി | | 21900325/01-08-2019 | 54532 | 54532 | - |
| 6 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | | 21900634/01-11-2019 | 615000 | 615000 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷം | 2019-20 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ**

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലെപ്മെന്റ് കോർപ്പറേഷനിലെ ഷെയർ, തീയതി.15.5.2004 | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2019-20 വർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്,ജോലി | രശീതി നമ്പർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2007-08 | 2-1(1,4,6,9) | 863 | സെക്രട്ടറി, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | 119030100721 Dt.18.05.2019 |
| 2009-10,2010-11, 2011-12 | 2-3 | 7957 | സെക്രട്ടറി,മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | 119030100722 Dt.18.05.2019 |
| 2009-10,2010-11, 2011-12 | 3-4 | 300 | സെക്രട്ടറി,മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | 119030100527 Dt 17.05.2019 |
| 2009-10,2010-11, 2011-12 | 3-25 | 604 | അസി.എഞ്ചിനീയർ | 119030100528 Dt 9.05.2019 |
| 2004-05 | 3-1 | 600 | സെക്രട്ടറി,മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | 119030100529 Dt.9.05.2019 |
| 2017-18 | 3-9 | 2030 | സെക്രട്ടറി,മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | 119030101196 17.05.2019 |
| 2017-18 | 3-5(1) | 8870 | ശ്രീ.സുരേന്ദ്രബാബു.സി | 119030102365 3.09.2019 |
| ആകെ | | 21224 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-9 | | | വീട്ട് വാടക ബത്ത ഉയർന്ന നിരക്കിൽ അനുവദനീയമല്ല | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹72931024 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹140420070 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ..ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹75669 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-സർചാർജ്ജ് ചെയ്യാവുന്നവ**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 75669 | ഡോ.ഫറൂക്ക്.ടി.എം, മെഡിക്കൽ ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഫറൂക്ക്.ടി.എം, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മാങ്ങാട്ടിടം | റാഹത്ത് ഹൗസ്, മോങ്ങം, മലപ്പുറം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 4 |
| 1999-00 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 6 |
| 2002-03 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 1 |
| 2006-07 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 3 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 3 |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 5 |
| 2009-10, 2010-11, 2011-12 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 8 |
| 2012-13 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 1 |
| 2013-14 2014-15 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 3 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 8 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ./സി8/890/19 തീ.17.07.2019 | 2 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി 8/2046/18 തീ.16.01.2019 | 22 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./സി 8/316/20 തീ.15.6.2020 | 27 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## RECEIPT & PAYMENT STATEMENT

| Mangattidam Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 103930231.00 |
| Cash | Cash | RP-40(a) | 26502.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 911460.00 |
| 130000000 | Rental income from Panchayat Properties | RP-3 | 163100.00 |
| 140000000 | Fees & User Charges | RP-4 | 2729108.00 |
| 150000000 | Sale & Hire Charges | RP-5 | 60007.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 37492485.00 |
| 171000000 | Interest Earned | RP-9 | 690191.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 25173040.00 |
| 350000000 | Other Liabilities | RP-36 | 107630.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 35111.00 |
| 311000000 | Earmarked Funds | RP-29 | 11994.00 |
| 340000000 | Deposits Received | RP-34 | 189558.00 |
| 350000000 | Other Liabilities | RP-36 | 265565.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4801025.00 |
| 460000000 | Loans, Advances and Deposits | RP-47 | 300750.00 |
| | **Grand total** | | **176887757.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3348035.00 |
| 220000000 | Administrative Expenses | RP-12 | 1223109.00 |
| 220000000 | Administrative Expenses | RP-12 | 1223109.00 |
| 230000000 | Operations & Maintenance | RP-13 | 1176786.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9521114.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12386916.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1273916.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1636916.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 476680.00 |

| | | | |
|---|---|---|---|
| | Schemes | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 476680.00 |
| 255000000 | Maintenance Projects | RP-20 | 1927963.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 2116052.00 |
| 280000000 | Prior Period item | RP-26 | -21824.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 35422.00 |
| 350000000 | Other Liabilities | RP-36 | 9370886.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 742.00 |
| 280000000 | Prior Period Item | RP-26 | -6060.00 |
| 311000000 | Earmarked Funds | RP-29 | 25000.00 |
| 340000000 | Deposits Received | RP-34 | 73564.00 |
| 350000000 | Other Liabilities | RP-36 | 2072135.00 |
| 410000000 | Fixed Assets | RP-38 | 54925986.00 |
| 412000000 | Capital work in Progress | RP-40 | 7156791.00 |
| 412000000 | Capital work in Progress | RP-40 | 7156791.00 |
| 412000000 | Capital work in Progress | RP-40 | 7156791.00 |
| 460000000 | Loans, Advances and Deposits | RP-47 | 31699941.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 36446584.00 |
| Cash | Cash | RP-40(b) | 21103.00 |
| | **Grand Total** | | **176887757.00** |
| | **Grand Total** | | **176887757.00** |

## അനുബന്ധം 3-2

## INCOME & EXPENDITURE STATEMENT

**Mangattidam Grama Panchayat INCOME & EXPENDITURE STATEMENT**
For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5507180.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 163100.00 |
| 140000000 | Fee & User Charges | I-4(b) | 3013808.00 |
| 150000000 | Sale & Hire Charges | I-5(b) | 60007.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 192132341.00 |
| 171000000 | Interest Earned | I-8 | 690191.00 |
| 180000000 | Other Income | I-9 | 35111.00 |
| | **Total Income** | | **201601738.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9581628.00 |
| 220000000 | Administrative Expenses | I-11(b) | 1248109.00 |
| 230000000 | Operations & Maintenance | I-12(b) | 1620794.00 |
| 240000000 | Interest & Finance Charges | I-13 | 742.00 |
| 250000000 | Decentralised Plan Programme-Productive | I-14 | 9521114.00 |

| | | | |
|---|---|---|---|
| | Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 38576598.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1873916.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1636916.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 18212080.00 |
| 255000000 | Maintenance Projects | I-14(e) | 1927963.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 2116052.00 |
| 272000000 | Depreciation | I-17(a) | 22571158.00 |
| | **Total Expenditure** | | **108887070.00** |
| | **Gross Surplus/ Deficit of income over Expenditure** | | **92714668.00** |
| 280000000 | Prior Period Item | I-18 | 232217.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **92482451.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## BALANCE SHEET

**Mangattidam Grama Panchayat BALANCE SHEET**

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 125227301.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 25504.00 |
| 312000000 | Reserves | B-3 | 86893495.00 |
| | **Total Reserve & Surplus** | | **212146300.50** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7157083.00 |
| | **Total Grants, Contributions for Specific Purposes** | | **7157083.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 395653.00 |
| 350000000 | Other Liabilities | B-9 | 1130186.50 |
| | **Total Current Liabilities and Provisions** | | **1525839.50** |
| | **TOTAL LIABILITIES** | | **220829223.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 204131154.00 |
| 411000000 | Accumulated Depreciation | B-11 | -65906254.00 |
| 412000000 | Capital Work in Progress | B-11(a) | 2895285.00 |
| | **Total Fixed Assets** | | **141120185.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | **Total Investments** | | **20000.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 9226.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 36467687.00 |
| 460000000 | Loans, Advances and Deposits | B-18 | 43212125.00 |
| | **Total Current Assets, Loans and Advances** | | **79689038.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **220829223.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ